REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-06-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു, വൈകിട്ട് ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ ധീരതാ പുരസ്ക്കാരങ്ങൾ സമ്മാനിക്കും.**
- **സ്ത്രീ സുരക്ഷാ പെൻഷൻ വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയ നോട്ടീസ്. സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.**
- **പ്ലസ് വണ്ണിന് അധിക ബാച്ചുകൾ അനുവദിക്കുന്നത് ഗവൺമെന്റിന്റെ പരിഗണനയിലെന്ന് മന്ത്രി N.ഷംസുദ്ദീൻ.**
- **ഭൂമി തരം മാറ്റാൻ നൽകിയ 25,000 ത്തോളം അപേക്ഷകൾ വേഗം പൂർത്തികരിച്ചു നൽകാൻ നടപടി സ്വീകരിക്കുമെന്ന് മന്ത്രി AP അനിൽ കുമാർ.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ, ഹൂസ്റ്റണിൽ രാത്രി പത്തരയ്ക്ക് ബ്രസീൽ, ജപ്പാനെ നേരിടും.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു, ഇന്ന് ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ ധീരതാ പുരസ്ക്കാരങ്ങൾ സമ്മാനിക്കും. വൈകീട്ട് അഞ്ചിന്, 2026 ലെ രണ്ടാമത് സൈനിക ബഹുമതിദാന ചടങ്ങിൽ രാജ്യരക്ഷാസേനയിലെയും, കേന്ദ്ര - സംസ്ഥാന പൊലീസ് സേനയിലെയും ഉദ്യോഗസ്ഥർക്കാണ്, രാഷ്ട്രപതി പുരസ്ക്കാരങ്ങൾ സമ്മാനിക്കുക.

സായുധ സേന, കേന്ദ്ര സായുധ പൊലീസ് സേന, മറ്റ് സുരക്ഷാ ഏജൻസികൾ എന്നിവയിലെ ഉദ്യോഗസ്ഥർ നടത്തിയ അസാധാരണ ധീരതയുടെ അംഗീകാരമായാണ് പുരസ്ക്കാരങ്ങൾ നൽകുന്നത്.

✪✪✪

മുല്ലപ്പെരിയാർ അന്തർ സംസ്ഥാന ചർച്ച പാർലമെൻററി കമ്മിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ചു. കേരളത്തിലെയും തമിഴ്നാട്ടിലെയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചർച്ചയിൽ പങ്കെടുക്കുന്നുണ്ട്.

മുല്ലപ്പെരിയാർ വിഷയത്തിൽ പ്രശ്ന പരിഹാരത്തിനാണ് കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രാലയം ശ്രമിക്കുന്നതെന്ന് ജലവിഭവ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ രാജീവ് പ്രതാപ് റൂഡി അറിയിച്ചു. കേരളവും തമിഴ്നാടും രാജ്യത്തിന്റെ പ്രധാന ഭാഗങ്ങളാണ്. കോടതിയുടെ പരിഗണനയിലെ വിഷയമാണ് മുല്ലപ്പെരിയാറെന്നും, ഇരു സംസ്ഥാനങ്ങളുടെയും ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ കേൾക്കുമെന്നും അദ്ദേഹം പറഞ്ഞു. ദക്ഷിണേന്ത്യയിലെ ജനങ്ങൾക്ക് ഗുണകരമായ തീരുമാനം ആണ് പ്രതീക്ഷിക്കുന്നതെന്നും രാജീവ് പ്രതാപ് റൂഡി വ്യക്തമാക്കി.

✪✪✪

സ്ത്രീ സുരക്ഷാ പദ്ധതി വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയ നോട്ടീസ്. എന്നാൽ സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

തിരുവനന്തപുരത്ത് നിന്ന് രജു കോലിയക്കോട്

..........വോയ്സ്.......

സംസ്ഥാനത്ത് സ്ത്രീ സുരക്ഷാ പദ്ധതി പ്രകാരമുള്ള ധനസഹായം മൂന്ന് മാസമായി മുടങ്ങിക്കിടക്കുന്ന സാഹചര്യം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് എ സി മൊയ്തീനാണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്.

സ്ത്രീ സുരക്ഷാ പദ്ധതി മാതൃകാപരമായ ചുവട് വയ്പ്പാണെന്ന് എ സി മൊയ്തീൻ പറഞ്ഞു. കൃത്യമായ പരിശോധന നടത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്നും ഇതിന് കൃത്യമായ രേഖയുണ്ടെന്നും എ സി മൊയ്തീൻ പറഞ്ഞു.

സ്ത്രീ സുരക്ഷാ പദ്ധതി അട്ടിമറിക്കാനുള്ള ശ്രമം നടക്കുന്നുവെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആരോപിച്ചു. പദ്ധതി തുടരുന്നത്തിന് മുഖ്യമന്ത്രി വി ഡി സതീശൻ വിമുഖത കാണിക്കുന്നുവെന്നും സ്ത്രീ സുരക്ഷാ പദ്ധതിയുടെ അപേക്ഷയിൽ രാഷ്ട്രീയമില്ലെന്നും അർഹതയുള്ളവരാണ് അപേക്ഷിച്ചതെന്നും പിണറായി വിജയൻ പറഞ്ഞു .

എന്നാൽ നിയമസഭാ തിരഞ്ഞെടുപ്പിന് തൊട്ട് മുൻപ് മുൻ സർക്കാർ നടപ്പാക്കിയ പദ്ധതിയാണ് സ്ത്രീ സുരക്ഷ പദ്ധതിയെന്നും ഒരു തയ്യാറെടുപ്പും

കൂടാതെയാണ് ഇത് നടപ്പാക്കിയതെന്നും മുഖ്യമന്ത്രി വി ഡി സതീശൻ മറുപടിയായി പറഞ്ഞു.

പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയതിൽ ഫീൽഡ് തലത്തിൽ പരിശോധന നടന്നിട്ടില്ല എന്ന ആരോപണം ഉണ്ടായിട്ടുണ്ടെന്നും പദ്ധതിയെക്കുറിച്ച് കൃത്യമായി പരിശോധിക്കാതെ പദ്ധതി തുടരുമോ എന്നു തീരുമാനിക്കാൻ കഴിയില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. അതിനാൽ വിഷയം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നും വി ഡി സതീശൻ പറഞ്ഞു. മുഖ്യമന്ത്രിയുടെ മറുപടിയെത്തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചെങ്കിലും പ്രതിപക്ഷംമറ്റ് സഭാ നടപടികളിൽ സഹകരിച്ചു.

✪✪✪

പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർകോട് ജില്ലകളിലെ പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത പരിഹരിക്കാൻ ഈ അധ്യയന വർഷം തന്നെ അധിക ബാച്ചുകൾ അനുവദിക്കുന്നത്, ഗവൺമെന്റിന്റെ പരിഗണനയിലാണെന്ന് മന്ത്രി N.ഷംസുദ്ദീൻ നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു.

വിദ്യാഭ്യാസ ജില്ല അടിസ്ഥാനമാക്കിയാണ് പ്ലസ് വൺ സീറ്റുകളുടെ ആവശ്യകത പരിശോധിക്കുകയെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 165 പൊതുമരാമത്ത് കരാർ പ്രവൃത്തികളിൽ, 40 എണ്ണം മന്ദഗതിയിലാണെന്ന് മന്ത്രി PK ബഷീർ പറഞ്ഞു.

പ്രവൃത്തികൾ വേഗത്തിലാക്കാൻ നിർദേശം നൽകിയതായും ഗുണ നിലവാര പരിശോധന, സൊസൈറ്റി കർശനമായി പാലിക്കുന്നുണ്ടെന്നും ഇത് സംബന്ധിച്ച് പരാതി ലഭിച്ചാൽ, അത് അന്വേഷിക്കുമെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.

ഊരാളുങ്കൽ സൊസൈറ്റിയുടെ നിർമ്മാണ പ്രവൃത്തികളിൽ തദ്ദേശീയർക്ക് ജോലി അവസരം ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടെന്നും ഇക്കാര്യം അന്വേഷിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ഭൂമി തരം മാറ്റാൻ നൽകിയ 25,000 ത്തോളം അപേക്ഷകൾ എത്രയും വേഗം പൂർത്തികരിച്ചു നൽകാൻ നടപടി സ്വീകരിക്കുമെന്ന് മന്ത്രി AP അനിൽ കുമാർ അറിയിച്ചു. ഭൂമി തരം മാറ്റാൻ സംസ്ഥാനത്ത് രണ്ട് ലക്ഷത്തിലധികം അപേക്ഷകളാണ് കെട്ടിക്കിടക്കുന്നതെന്നും, ഇക്കാര്യം പരിശോധിക്കാൻ ജില്ലാ തലങ്ങളിൽ അദാലത്തുകൾ സംഘടിപ്പിക്കുമെന്നും നിയമസഭ ചോദ്യോത്തര വേളയിൽ അദ്ദേഹം പറഞ്ഞു.

റവന്യു വകുപ്പിൽ ഡിജിറ്റൽ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നതായും മന്ത്രി വ്യക്തമാക്കി. റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി, സംസ്ഥാനത്തെ 839 വില്ലേജുകളിൽ ഡിജിറ്റൽ സർവേ പ്രവർത്തനങ്ങൾക്ക് തുടക്കമായിട്ടുണ്ടെന്നും AP അനിൽ കുമാർ പറഞ്ഞു.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി മയക്കുമരുന്ന് കേസുകളിലെ തുടരന്വേഷണം ശക്തമാക്കുമെന്ന് സംസ്ഥാന പൊലീസ് മേധാവി, രവദ ചന്ദ്രശേഖർ പറഞ്ഞു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, യുവാക്കൾക്കിടയിലും ലഹരിക്കെതിരെ പൊലീസിന്റെ നേതൃത്വത്തിൽ, പ്രചാരണം ശക്തമാക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് അറിയിച്ചു. രാസലഹരികളടക്കം മയക്കുമരുന്ന് കടത്ത് തടയാൻ, അതിർത്തി സംസ്ഥാനങ്ങളിലെ പൊലീസ് മേധാവികളെ പങ്കെടുപ്പിച്ച് ജൂലൈ രണ്ടാം വാരത്തിൽ, പ്രത്യേക യോഗം ചേരുമെന്നും DGP വ്യക്തമാക്കി.

✪✪✪

പുതിയ ചീഫ് സെക്രട്ടറിയായി ബിശ്വനാഥ് സിൻഹ നാളെ ചുമതലയേൽക്കും. വിരമിക്കുന്ന ചീഫ് സെക്രട്ടറി, ഡോ. A ജയതിലകിൽ നിന്നും അദ്ദേഹം ചുമതല ഏറ്റുവാങ്ങും. ദർബാർ ഹാളിൽ ജയതിലകിന് യാത്രയയപ്പുമുണ്ടാകും.

✪✪✪

സംസ്ഥാനത്ത് ഇന്നലെ പൾസ് പോളിയോയ്ക്കെതിരായ തുള്ളിമരുന്ന് സ്വീകരിക്കാത്ത കുട്ടികൾക്ക് മരുന്ന് നൽകാൻ മാതാപിതാക്കൾ മുൻകൈ എടുക്കണമെന്ന് മന്ത്രി K.മുരളീധരൻ അഭ്യർത്ഥിച്ചു.

ആരോഗ്യ പ്രവർത്തകരും വോളന്റിയർമാരും ഇന്നും, നാളെയും സംസ്ഥാനത്തെ മുഴുവൻ വീടുകളും സന്ദർശിച്ച് ശേഷിക്കുന്ന കുട്ടികൾക്ക് കൂടി വാക്സിൻ നൽകും.

✪✪✪

ഇന്ന് ദേശീയ സ്ഥിതിവിവരക്കണക്ക് ദിനം. 'ഇന്ത്യൻ സ്ഥിതിവിവരക്കണക്കുകളുടെ പിതാവ്' എന്നറിയപ്പെടുന്ന പ്രൊഫ. P.C. മഹലനോബിസിന്റെ ജന്മദിനമാണ് സ്ഥിതിവിവരക്കണക്ക് ദിനമായി ആചരിക്കുന്നത്. ദേശീയ വികസനത്തിൽ, ഡാറ്റാധിഷ്ഠിത ആസൂത്രണത്തിന്റെയും നയരൂപീകരണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണ ലക്ഷ്യം. 'ഭരണപരമായ ഡാറ്റയുടെ സാധ്യതകൾ തുറക്കുക' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

ഇന്ന് അന്താരാഷ്ട്ര ഉഷ്ണമേഖലാ ദിനം. ഉഷ്ണമേഖലകളിലെ കാലാവസ്ഥയെക്കുറിച്ചും, ജൈവ വൈവിധ്യത്തെക്കുറിച്ചും അവബോധം വളർത്തുകയാണ് ദിനാചരണ ലക്ഷ്യം.

✪✪✪

ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ട സൗജന്യ റേഷനും പഞ്ഞമാസ ധനസഹായവും അടിയന്തരമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് മന്ത്രി VE അബ്ദുൾ ഗഫൂറിന്, PA മുഹമ്മദ് റിയാസ് MLA നിവേദനം നൽകി. പത്ത് വർഷമായി ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം ഗവൺമെന്റ് ലഭ്യമാക്കിയിരുന്നുവെന്നും എന്നാൽ, ഇത്തവണ അർഹരായവർക്ക് പോലും ആനുകൂല്യം നൽകിയില്ലെന്നും നിവേദനത്തിൽ പറഞ്ഞു.

✪✪✪

തിരുവനന്തപുരം നഗരസഭയിൽ ഭരണസ്തംഭനമെന്ന് ആരോപിച്ച്, നഗരസഭയിലേക്ക് UDF പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. N ശക്തൻ MLA ഉദ്ഘാടനം ചെയ്തു.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോൾ മത്സരത്തിൽ, ഹൂസ്റ്റണിൽ ഇന്ന് രാത്രി പത്തരയ്ക്ക് ബ്രസീൽ, ജപ്പാനുമായി ഏറ്റുമുട്ടും. മസാചുസെറ്റ്സിൽ നാളെ പുലർച്ചെ രണ്ടിന് ജർമ്മനി, പരാഗ്വെയെ നേരിടും. മറ്റൊരു മത്സരത്തിൽ മെക്സിക്കോയിൽ രാവിലെ 6.30ന് നെതർലൻഡ്സ്, മൊറോക്കോയെ നേരിടും. ആദ്യ നോക്കൗട്ട് മത്സരത്തിൽ, ലോസ് ഏഞ്ചൽസിൽ ദക്ഷിണാഫ്രിക്കയെ മറുപടിയില്ലാത്ത ഒരു ഗോളിന് പരാജയപ്പെടുത്തി, കാനഡ പ്രീക്വാർട്ടറിൽ കടന്നു.

✪✪✪

സംസ്ഥാനത്ത് മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്.

ലക്ഷദ്വീപ് തീരങ്ങളിൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയെന്നും ദ്വീപ് നിവാസികൾ ജാഗ്രത പാലിക്കണമെന്നും മത്സ്യതൊഴിലാളികൾ കടലിൽ പോകരുതെന്നും ലക്ഷദ്വീപ് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

✪✪✪

കണ്ണൂരിൽ മഴ ശക്തമായി. രാവിലെയാണ് വ്യാപക മഴ ആരംഭിച്ചത്. ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽ പലയിടത്തും വെള്ളക്കെട്ട് രൂപപ്പെട്ടു. ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്.

✪✪✪

പാലക്കാട് ജില്ലയിലെ മഴക്കുറവ് കള്ള് ഉല്പാദനത്തെയും ബാധിച്ചതായി ചെത്തു തൊഴിലാളികൾ അറിയിച്ചു. സംസ്ഥാനത്തെ പ്രധാന കള്ള് ഉല്പാദന മേഖലയായ ചിറ്റൂരിലാണ് കള്ളിന് ക്ഷാമം  നേരിടുന്നത്.

പാലക്കാട്ട് നിന്ന് ഫൈസൽ അലി മുത്ത്...

...........വോയ്സ്.......

ദിവസേന 45 ലിറ്റർ വരെ കള്ള് അളന്നിടത്ത് നിലവിൽ അതിന്റെ പകുതിപോലും ലഭിക്കാത്ത സ്ഥിതിയാണെന്നാണ് തൊഴിലാളികൾ ചൂണ്ടിക്കാണിക്കുന്നത്.പ്രതിദിനം രണ്ടര ലക്ഷം ലിറ്റർ കള്ളാണ് ചിറ്റൂർ മേഖലയിൽ നിന്നും വിവിധ ജില്ലകളിലെ ഷാപ്പുകളിൽ എത്തിയിരുന്നത്. ഇന്നത് ഒരു ലക്ഷം ലിറ്ററിലേക്കാണ് താഴ്ന്നിരിക്കുന്നത്.ജില്ലയിൽ മഴ കുറഞ്ഞതോടെ ജലസേചനവും മഴക്കാല പരിചരണവും പ്രതിസന്ധിയിലായതാണ് കാരണമെന്നാണ് ചെത്തു തൊഴിലാളികൾ പറയുന്നത്.കള്ള് ഉല്പാദിപ്പിക്കുന്ന തെങ്ങിൻ തോപ്പുകളുള്ള ചിറ്റൂർ മേഖലയിൽ 80 ശതമാനത്തിലേറെ മഴക്കുറവാണ് ഉണ്ടായിരിക്കുന്നത്.

✪✪✪

കോഴിക്കോട് തിരുവമ്പാടിക്ക് സമീപം ആനക്കാംപൊയിലിൽ  ഒഴുക്കിൽപ്പെട്ട് കാണാതായ യുവാവിന്റെ മൃതദേഹം കണ്ടെത്തി. കർണാടകയിൽ നിന്ന് വിനോദസഞ്ചാരികളുമായി എത്തിയ ടൂറിസ്റ്റ് ഗൈഡും, മലപ്പുറം കരിശ്ശേരി സ്വദേശിയുമായ ശിബിലിയുടെ മൃതദേഹമാണ്, മൂന്നാം ദിവസം നടത്തിയ തിരച്ചിലിൽ  ഡാം പരിസരത്ത് നിന്ന് കണ്ടെത്തിയത്.

അഗ്നിരക്ഷാ സേന, സിവിൽ ഡിഫൻസ് അംഗങ്ങൾ, സന്നദ്ധസേനകൾ, പ്രാദേശിക നീന്തൽ വിദഗ്ധർ, നാട്ടുകാർ എന്നിവരടങ്ങുന്ന സംഘമാണ് തിരച്ചിലിന് നേതൃത്വം നൽകിയത്.

✪✪✪

ദമാമിൽ വാഹനാപകടത്തിൽ കണ്ണൂർ സ്വദേശികളായ രണ്ടുപേർ മരിച്ചു. ന്യൂമാഹി പെരിങ്ങാടിയിലെ മുഹമ്മദ് സജീം, കണ്ണപുരം ചുണ്ടവയൽ സ്വദേശി ശ്രീലേഷ് എന്നിവരാണ് മരിച്ചത്. മുഹമ്മദ് സജീമിന്റെ മൃതദേഹം, ദമാമിൽ കബറടക്കും. ശ്രീലേഷിന്റെ മൃതദേഹം നാട്ടിലെത്തിക്കാൻ ശ്രമം തുടരുകയാണ്.

✪✪✪

ഗ്യാസ് സിലിണ്ടറിൽ നിന്നും തീ പടർന്ന് പൊള്ളലേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. ഇടുക്കി കരിമ്പൻ കൊട്ടാരത്തിൽ ജസ്റ്റിൻ ജോസ് ആണ് എറണാകുളത്ത് ചികിത്സയിലിരിക്കെ പുലർച്ചെ മരിച്ചത്.

പോസ്റ്റ്മോർട്ട നടപടികൾക്ക് ശേഷം വൈകിട്ടോടെ മൃതദേഹം കരിമ്പനിലെ വീട്ടിലെത്തിക്കും.

✪✪✪

വെനസ്വേലയിൽ ഭൂകമ്പങ്ങളിൽ മരിച്ചവരുടെ എണ്ണം 1,450 ആയതായി വെനിസ്വേലൻ ദേശീയ അസംബ്ലി പ്രസിഡന്റ്, ജോർജ് റോഡ്രിഗസ് അറിയിച്ചു. പതിനായിരക്കണക്കിന് ആളുകളെ കാണാതായിട്ടുണ്ട്. രക്ഷാപ്രവർത്തനം തുടരുകയാണ്. 7.2, 7.5 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പങ്ങൾക്ക് ശേഷം, 430 തുടർചലനങ്ങൾ രേഖപ്പെടുത്തി.

✪✪✪

വിനോദ സഞ്ചാര കേന്ദ്രമായ കണ്ണൂർ പൈതൽമലയിൽ ഇന്ന് മുതൽ സഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കും. കാലാവസ്ഥയ്ക്ക് അനുസരിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമെന്ന് അധികൃതർ അറിയിച്ചു. കഴിഞ്ഞ വ്യാഴാഴ്ച, ഇടിമിന്നലേറ്റ് യുവതി മരിച്ചതിനെ തുടർന്നാണ് പൈതൽമലയിൽ നിയന്ത്രണം ഏർപ്പെടുത്തിയത്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 680 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 4,880 രൂപയായി. ഗ്രാമിന് 13,110 രൂപയിലാണ് വ്യാപാരം.

✪✪✪

വയനാട് ജില്ലയിലെ സ്വകാര്യ ബസുകൾ ഒരു ദിവസത്തെ സൂചനാ പണിമുടക്ക് തുടങ്ങി. മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഗവണ്മെന്റ് അടിയന്തരമായി ഇടപെടണമെന്നാവശ്യപ്പെട്ടാണ് സമരം. സ്വകാര്യ ബസ് ഉടമകളുടെ സംഘടനകളും, സ്വകാര്യ ബസ് തൊഴിലാളി ട്രേഡ് യൂണിയനുകളും ചേർന്നാണ് സൂചനാ പണിമുടക്ക് നടത്തുന്നത്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader : സബിത കെ,*
*News Team: എ വി ഫർദിസ്, ശരണ്യ അനൂപ്*
*DEO: സി കെ സുബോധ്*